ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
ഹൗസിങ്ങ് ബോർഡ് ബിൽഡിംഗ്
തിരുവനന്തപുരം - 1

ICT Cell/1771/HSE/2014 Date: 30th December 2014

# സർക്കുലർ

**വിഷയം : ഹയർ സെക്കണ്ടറി വിദ്യാഭ്യാസം - പബ്ലിക് എൻട്രൻസ് എക്സാമിനേഷൻ കോച്ചിങ് സ്കീം (PEECS) പ്രത്യേക ക്രാഷ് കോഴ്സ് നടത്തുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന :
1. ഉന്നതവിദ്യാഭ്യാസ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ചേമ്പറിൽ 10/12/2014 ൽ കൂടിയ PEECS എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്.
2. 15.12.2014-ലെ ഈ ഓഫിസിലെ ICT Cell/1771/HSE/2014 നമ്പർ സർക്കുലർ

പൊതുപ്രവേശന പരീക്ഷയുടെ ചെലവേറിയ പരിശീലന ക്ലാസുകളിൽ പങ്കെടുക്കുന്നതിന് കഴിയാത്ത, സാധാരണ വിദ്യാർത്ഥികൾക്ക് പൊതുപ്രവേശന പരീക്ഷയ്ക്കുള്ള സൗജന്യ പരിശീലനം നൽകുന്നതിന് സൂചന ഒന്നു പ്രകാരം തീരുമാനിച്ചിരിക്കുകയാണ്. പബ്ലിക് എൻട്രൻസ് എക്സാമിനേഷൻ കോച്ചിങ് സ്കീം (PEECS) ന്റെ പ്രത്യേക ക്രാഷ് കോഴ്സ് ഫലപ്രദമായി നടപ്പിലാക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സംസ്ഥാനത്തെ 140 അസംബ്ലി നിയോജകമണ്ഡലങ്ങളിലും തെരഞ്ഞെടുത്ത ഓരോ കേന്ദ്രത്തിൽ വച്ച് 2015 ജനുവരി 4 മുതൽ ഏപ്രിൽ 20 വരെയുള്ള ശനിയാഴ്ച്ചയും ചില ഞായറാഴ്ച്ചകളിലും രണ്ടാംവർഷ ഹയർസെക്കന്ററി പരീക്ഷയ്ക്ക് ശേഷമുള്ള ദിവസങ്ങളിലുമായി 40 ദിവസത്തെ കോഴ്സാണ് ഈ വിദ്യാർത്ഥികൾക്ക് ക്രമീകരിച്ചിരിക്കുന്നത്.

2. സൗകര്യമുള്ള ഹൈസ്കൂളുകളോ ഹയർസെക്കന്ററി സ്കൂളുകളോ ആണ് പരിശീലന കേന്ദ്രങ്ങളായി തെരഞ്ഞെടുത്തിരിക്കുന്നത്.

3. പരിശീലനകേന്ദ്രങ്ങളായി തെരഞ്ഞെടുത്തിരിക്കുന്ന ഹയർസെക്കന്ററി സ്കൂളുകളിൽ ഈ പരിശീലനം ഫലപ്രദമായി നടപ്പിലാക്കുന്നതിന് പ്രിൻസിപ്പൽമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പരിശീലനകേന്ദ്രങ്ങൾ എല്ലാ പരിശീലന ദിവസങ്ങളിലും തുറന്നു പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള എല്ലാ സൗകര്യങ്ങളും പ്രിൻസിപ്പൽ ഉറപ്പുവരുത്തേണ്ടതാണ്.

4. രാവിലെ 9.30 മുതൽ 11.00 മണിവരെ വിക്ടേഴ്സ് വിദ്യാഭ്യാസ ചാനലിലൂടെ തത്സമയം സംപ്രേഷണം ചെയ്യുന്ന ക്ലാസുകളും 11.00 മുതൽ 12.00 വരെ പ്രസ്തുത പാഠഭാഗത്തെ അടിസ്ഥാനമാക്കിയുള്ള ചോദ്യങ്ങളുടെ വിശകലനവും 12.00 മുതൽ 1.00 വരെ മാതൃകാ പരീക്ഷയുമാണ് ഓരോ ദിവസവും നടത്തുന്നത്. ഇതിൽ 11.00 മുതൽ 12.00 വരെയുള്ള ചോദ്യവിശകലനം ഹയർസെക്കന്ററി അധ്യാപകരോ യോഗ്യതയുള്ള ഗസ്റ്റ് അധ്യാപകരോ ആണ് ഓരോ കേന്ദ്രത്തിലും നടത്തേണ്ടത്.

5. പീക്സ് ക്രാഷ് കോഴ്സിന്റെ പരിശീലന പരിപാടിയിൽ ഗണിതം, ഫിസിക്സ്, കെമിസ്ട്രി, ബോട്ടണി, സുവോളജി എന്നീ വിഷയങ്ങളിലുള്ള ഹയർസെക്കന്ററി അധ്യാപകരുടെ സേവനം ഉണ്ടാകേണ്ടതാണ്. ഓരോ പരിശീലന കേന്ദ്രത്തിലേക്കും ആവശ്യമുള്ള അധ്യാപകരുടെ സേവനം ബന്ധപ്പെട്ട റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഹയർസെക്കന്ററി ജില്ലാ കോർഡിനേറ്റർ എന്നിവർ ഐടി @ സ്കൂൾ ജില്ലാ കോർഡിനേറ്ററുമായി ആലോചിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

6. ജില്ലയിലെ ഓരോ പരിശീലനകേന്ദ്രത്തിലേക്കുമുള്ള ഹയർസെക്കന്ററി അധ്യാപകരുടെ ഏകോപനത്തിന്റെ പൂർണ്ണ ഉത്തരവാദിത്വം ഹയർസെക്കന്ററി ജില്ലാ കോർഡിനേറ്ററിൽ നിക്ഷിപ്തമായിരിക്കും.

7. പരിശീലനകേന്ദ്രങ്ങളിലേക്ക് നിയോഗിക്കുന്ന ഹയർസെക്കന്ററി അധ്യാപകൻ/ അധ്യാപികയുടെ ചുമതലകൾ ചുവടെ ചേർക്കുന്നു.

- പരിശീലന ദിവസം രാവിലെ 11.00 മുതൽ 12.00 വരെ ഒരു മണിക്കൂർ മാത്രമാണ് ഹയർസെക്കന്ററി അധ്യാപകരുടെ സേവനം ലഭ്യമാക്കേണ്ടത്.

- ഐടി@സ്കൂൾ വിക്ടേഴ്സ് ചാനൽ മുഖേന സംപ്രേഷണം ചെയ്യുന്ന തൽസമയ ക്ലാസിനെ അടിസ്ഥാനമാക്കി ചോദ്യാവലി വിശകലനം ചെയ്യുക.

- നിശ്ചിത പരിശീലന തീയതിയ്ക്ക് 10 ദിവസം മുമ്പ് ലഭ്യമാക്കുന്ന 30 ചോദ്യങ്ങളും അവയുടെ ഉത്തരസൂചികയും വിശദാംശങ്ങളുമാണ് അധ്യാപകർ വിശകലനം ചെയ്യേണ്ടത്.

- പരീക്ഷയിൽ പങ്കെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ വിശദീകരിക്കുക.

8. ഒരു മണിക്കൂർ ചോദ്യവിശകലനത്തിന് നിയോഗിക്കുന്ന അധ്യാപകർക്ക് 750/- രൂപ ഓണറേറിയമായി നൽകുന്നതാണ്.

വിദ്യാഭ്യാസ വകുപ്പ് ഒരുക്കിയിരിക്കുന്ന ഈ സൗകര്യം അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും ലഭ്യമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ സ്കൂൾതലത്തിൽ ഉറപ്പുവരുത്തേണ്ടതാണ്.

**ഡയറക്ടർ**

പകർപ്പ്

1. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐടി@സ്കൂൾ പ്രോജക്ട്
2. എല്ലാ റീജിയണൽ ഡയറക്ടർമാർക്കും
3. എല്ലാ ഹയർസെക്കന്ററി ജില്ലാ കോർഡിനേറ്റർമാർക്കും
4. പരിശീലനകേന്ദ്രങ്ങളായി തെരഞ്ഞെടുത്തിരിക്കുന്ന ഹയർസെക്കന്ററി പ്രിൻസിപ്പൽമാർക്കും